LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഞാൻ വീണ്ടും വീണ്ടും അത് ആവർത്തിക്കണോ? അങ്ങ് ഉന്നയിച്ചു......

ശ്രീ. വി. ഡി. സതീശൻ: സർ, മുഖ്യമന്ത്രിയുടെ ഉപദേശകരായി എത്ര പേരെ നിയോഗിച്ചിട്ടുണ്ട് എന്ന ചോദ്യത്തിന്, ഒരു ചോദ്യത്തിന് എട്ടുപേരെ നിയോഗിച്ചിട്ടുണ്ടെന്നാണ് ഉത്തരം തന്നിരിക്കുന്നത്. മറ്റൊരെണ്ണത്തിൽ ആറുപേരെ നിയോഗിച്ചിട്ടുണ്ടെന്നാണ് ഉത്തരം തന്നിരിക്കുന്നത്. ഇവിടെ ഒരു ചോദ്യത്തിന് മറുപടി തന്നിരിക്കുന്നത് വികസനത്തിന് ഉപദേഷ്ടാവിനെ നിയമിച്ചിട്ടില്ല എന്നാണ്. മറ്റൊരു ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത്, ശാസ്ത്ര ഉപദേഷ്ടാവിന് 36,097 രൂപയും വികസന ഉപദേഷ്ടാവിന് 37,736 രൂപയും വാഹനത്തിനും ഇന്ധനത്തിനും ഡ്രൈവറുടെ ശമ്പള ഇനത്തിലും പ്രതിമാസം ചെലവാകുന്നുണ്ട് എന്നാണ്. ഇത് ഈ നിയമസഭയിൽ തന്ന ഉത്തരമല്ലേ? അങ്ങേയ്ക്ക് ഇതിൽ ഉത്തരവാദിത്വമുള്ളതല്ലേ?

മി. സ്പീക്കർ: ഇതിൽ എന്താണ് ക്രമപ്രശ്നം?

ശ്രീ. വി. ഡി. സതീശൻ: സർ, ഈ സഭയിൽ തന്നിരിക്കുന്ന ഒരു ഉത്തരത്തിൽ വികസന ഉപദേഷ്ടാവിനെ നിയമിച്ചിട്ടില്ല എന്ന് പറയുന്നു. മറ്റൊരു ഉത്തരത്തിൽ ആ ഉദ്യോഗസ്ഥന് ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നുവെന്ന് പറയുന്നു. ഒരെണ്ണത്തിൽ പറയുന്ന ആറ് പേരെ നിയമിച്ചിട്ടുണ്ടെന്ന്. അങ്ങ് ഇതിൽ എന്ത് ക്രമപ്രശ്നമാണെന്ന് ചോദിക്കുന്നത് വളരെ ദൗർഭാഗ്യകരമാണ്. മൂന്ന് അംഗങ്ങൾ ചോദിച്ച സമാന സ്വഭാവമുള്ള ചോദ്യത്തിന് മൂന്ന് രീതിയിലാണ് ഉത്തരം നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ ആ ചെയറിൽ ഇരുന്നുകൊണ്ട് ഇതിൽ എന്ത് ക്രമപ്രശ്നമാണെന്ന് ചോദിക്കുന്നത്, it is quite unfair. വളരെ ദൗർഭാഗ്യകരമാണ്.

മി. സ്പീക്കർ: വേണ്ട..... അങ്ങ് ഷൗട്ട് ചെയ്യേണ്ട.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് വേണമെങ്കിൽ മുഖ്യമന്ത്രിയെ സംരക്ഷിച്ചോളൂ. പക്ഷേ ഇതിൽ എന്ത് ക്രമപ്രശ്നമാണെന്നാണ് അങ്ങ് ചോദിക്കുന്നത്. മൂന്ന് ചോദ്യങ്ങൾക്ക് മൂന്ന് മെമ്പർമാർക്ക് മൂന്ന് രീതിയിൽ മറുപടി നൽകിയിട്ട് അങ്ങ് ഇങ്ങനെ പറയുന്നത്........

## റൂളിംഗ്

മി. സ്പീക്കർ: ഇവിടെ ശ്രീ വി. ഡി. സതീശനുമാത്രം പ്രത്യേക പ്രിവിലേജൊന്നുമില്ല. ....(ബഹളം)..... ഇത് പ്രിവിലേജിന്റെ പ്രശ്നമാണ്. നിയമസഭയുടെ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ഒരു കീഴ്‌വഴക്കമുണ്ട്. സഭയെ

LIBRARY ARCHIVES Kerala Legislative Assembly

തെറ്റിദ്ധരിപ്പിക്കുന്ന മറുപടികൾ വരുകയോ അതിനെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടാകുകയോ ചെയ്താൽ അത് അവകാശലംഘനത്തിന്റെ ഭാഗമായിട്ടാണ് വരുന്നത്. അത് ക്രമപ്രശ്നമല്ല. അങ്ങേയ്ക്ക് അവകാശ ലംഘനത്തിന് നോട്ടീസ് കൊടുക്കാം. അതാണ് ഞാൻ പറഞ്ഞത്. എന്തായാലും അങ്ങയെപ്പോലെ ഒരാൾ എഴുതിത്തന്നപ്പോൾ അത് പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞു. അത് പരിശോധിച്ച് ആവശ്യമായ അന്വേഷണം നടത്തി സഭയിൽ പറയും..... ഞാൻ നടപടിക്രമങ്ങളുടെ കീഴ്വഴക്കങ്ങളെക്കുറിച്ചാണ് പറയുന്നത്. അതിൽ ആരും അസ്വസ്ഥരാകേണ്ട.

## ധനകാര്യം (തുടർച്ച)

മി. സ്പീക്കർ: ധനാഭ്യർത്ഥന നമ്പർ V -കാർഷികാദായ നികുതിയും വിൽപ്പന നികുതിയും സംബന്ധിച്ച് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, സംസാരിക്കുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, കാര്യവിവരപ്പട്ടികയിൽ ദേവസ്വത്തെ സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ അച്ചടിച്ചിട്ടില്ല.

മി. സ്പീക്കർ: അച്ചടിക്കാൻ വിട്ടുപോയതാണ്. അദ്ദേഹത്തിന്റെ ഡിമാന്റുകൂടി ചർച്ചയിൽ വന്നിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, ദേവസ്വവുമായി ബന്ധപ്പെട്ട വിഷയം ഇവിടെ ആരും ചർച്ച ചെയ്തിട്ടില്ല.

മി. സ്പീക്കർ: സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കാര്യവിവരപ്പട്ടിക തയ്യാറാക്കുമ്പോൾ സാധാരണഗതിയിൽ റവന്യൂ എന്ന ധനാഭ്യർത്ഥനയോടൊപ്പമാണ് ദേവസ്വവും വരുന്നത്. എന്നാൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ദേവസ്വം എന്ന ഭാഗം പ്രിന്റ് ചെയ്തിട്ടില്ലായിരുന്നു. അതുകൊണ്ടുതന്നെ എല്ലാ അംഗങ്ങൾക്കും ഇന്ന് ദേവസ്വത്തെക്കുറിച്ചുള്ള ചർച്ച നടത്തണമെന്ന് അറിയില്ലായിരുന്നു. ചില അംഗങ്ങൾ മാത്രം അതിൽ പങ്കെടുക്കുകയുണ്ടായി. എല്ലാവർക്കും അതിൽ പങ്കെടുക്കാനുള്ള സൗകര്യം കിട്ടാത്തത് കാര്യവിവരപ്പട്ടികയിൽ ദേവസ്വമെന്ന